

# അടയാളം

കക്കൂസ് കഥകൾ ഇതുവരെ

## ഒളിച്ച് വെക്കപ്പെട്ട അത്യാവശ്യങ്ങളും അവയുടെ അനിവാര്യതയും

വൃത്തിയും വിശാലതയും അടച്ചുറപ്പുമുള്ള ഒരു ശൗചാലയം ആവശ്യ സമയങ്ങളിൽ ആഗ്രഹിക്കാത്തവരായി ആരുണ്ട്. എത്ര വലിയ കെട്ടിടമാകട്ടെ, മനുഷ്യർ അതിലേറ്റവും സ്വകാര്യത ആവശ്യപ്പെടുന്ന ഇടവും ശുചിമുറി തന്നെ. എന്നിട്ടും കെട്ടിടങ്ങളിൽ ഏറ്റവും കുറഞ്ഞ ശ്രദ്ധ ലഭിക്കുന്നതും അതിനു തന്നെ. എന്ത് കൊണ്ടാണ് സമൂഹം അതിന്റെ ജൈവികതയെ ഇങ്ങനെ മറച്ച് പിടിക്കുന്നത്? വിസർജ്ജനം നമുക്ക് പ്രധാനമാണ്, എന്നിട്ടും ആ അത്യാവശ്യത്തെ മറവുകളിലേക്ക് ഒതുക്കുന്നത് എന്തിനാണ് ?

നഗരങ്ങളും വാസ്തുവിദ്യയുമൊക്കെ വളരുന്നതിനൊപ്പം പൊതു ഇടങ്ങളുടെ ആവശ്യവും വികസിക്കുകയാണ്. നമ്മൾ കഴിയുന്ന ഇടങ്ങളിലൊക്കെ ഇരിക്കാനും കഴിക്കാനും മൂത്രമൊഴിക്കാനുമൊക്കെ സ്ഥലങ്ങൾ വേണ്ടേ? വാസ്തുവിദ്യ വികസിക്കുന്നതിനൊപ്പം മനുഷ്യരുടെ സ്വകാര്യതയെ കുറിച്ചുള്ള കാഴ്ചപ്പാടുകളിലും വലിയ മാറ്റങ്ങളാണ് വന്നിട്ടുള്ളത്. മനുഷ്യന് ദിവസത്തിന്റെ ഭൂരിഭാഗവും വിവിധ ആവശ്യങ്ങൾക്കായി വീടിനു പുറത്ത് ചിലവഴിക്കുന്നവരുമാണ്. ശരീരം അതിന്റെ വിസർജ്ജനാവശ്യങ്ങൾ കൃത്യഇടവേളകളിൽ പ്രകടിപ്പിക്കുകയും ചെയ്യും. ഇതൊക്കെയായിട്ടും മറ്റ് സൗകര്യങ്ങൾ ഒരുക്കുകയും നിലനിർത്തുകയും ചെയ്യുന്നതിനേക്കാൾ എത്ര അലസമായാണ് പൊതുശുചിമുറികൾ കൈകാര്യം ചെയ്യപ്പെടുന്നത്?

**പൊതുശൗചാലയങ്ങളെ കുറിച്ചുള്ള സമഗ്രമായൊരു പഠനമാണ് 'കക്കൂസ് കഥകൾ'**

ഇന്ത്യൻ തെരുവുകളിലൂടെയുള്ള ഒരു ചെറിയ യാത്രയാണ് ആഴത്തിലുള്ള ഒരു ഗവേഷണത്തിലേക്ക് നയിക്കുന്നത്. അതാണ് 'കക്കൂസ് കഥ'കളുടെ തുടക്കവും. അങ്ങനെ 2017 നവംബറിലാണ് കക്കൂസുകൾക്കായി റീസൈക്കിൾ ബിൻ ഒരു ക്യാംപയിൻ തുടങ്ങിയത്. കേരളത്തിലെ ശുചിമുറി സംസ്കാരത്തെ പഠിക്കുകയും, തിട്ടപ്പെടുത്തുകയും, മെച്ചപ്പെടുത്തുകയുമാണ് ലക്ഷ്യം.

തിരുവനന്തപുരത്തെ പൊതുശുചിമുറികളുടെ അവസ്ഥയെ കുറിച്ച് അന്വേഷിച്ച് കൊണ്ടാണ് തുടക്കം. സമൂഹത്തിന്റെ നാനാതുറകളിലുള്ളവർക്കും ഉപയോഗിക്കാനാകും വിധം അവയെ ഒരു മാതൃകാ രൂപകൽപനയിലേക്ക് എത്തിക്കണമെന്നുണ്ടായിരുന്നു. ഒരിടത്ത് നിർമിച്ചെടുക്കുന്ന ശുചിമുറി രീതികൾ സംസ്ഥാനത്താകമാനം നടപ്പിലാക്കാനാകും വിധം ഏകതയുള്ള സാമൂഹ്യ ഘടനയുമാണ് കേരളത്തിനുള്ളത്.കക്കൂസ് ചർച്ചകളുടെ ആദ്യ ഘട്ടത്തിൽ വിവിധ മേഖലകളിൽ നിന്നുള്ളവർ ഞങ്ങൾക്കൊപ്പമിരുന്ന് സംസാരിച്ചു. ആർക്കിടെക്റ്റുമാർ, നഗരരൂപകൽപനാ വിദഗ്ധർ, ട്രാൻസ്ജെൻഡർ ആക്റ്റിവിസ്റ്റുകൾ, മനശാസ്ത്രജ്ഞർ, ഭിന്നശേഷിക്കാർ തുടങ്ങി ഓരോരുത്തരും പുതിയ തലങ്ങളിലേക്കാണ് ചർച്ചയെ എത്തിച്ചത്. ഇതിനൊപ്പം ഒരു 'കക്കൂസ് ആപ്പ് പുറത്തിറക്കി. നമ്മുടെ പൊതുകക്കൂസുകൾ എവിടെയൊക്കെയുണ്ടെന്നും, എന്താണെന്നും, എങ്ങനെയുണ്ടെന്നുമൊക്കെ അറിയാൻ സഹായിക്കുന്നതാണ് ഈ ആപ്പ്. ആവശ്യസമയത്ത് കണ്ടെത്താനും ശുചിത്വ സൗകര്യങ്ങളെ വിലയിരുത്താനും ആപ്പിൽ സജ്ജീകരണങ്ങളുണ്ട്.



## എന്ത് കൊണ്ട് 'പൊതു' ശൗചാലയങ്ങൾ എല്ലാവരുടെയും ആകുന്നില്ല?



ഈ അന്വേഷണങ്ങളൊന്നും അത്ര രസമുള്ള കാഴ്ചകളിലേക്കല്ല എത്തിച്ചത്. സുരക്ഷയെ പോലും പരിഗണിക്കാതെ, ആളുകൾ കയറാൻ മടിക്കുന്ന ഇരുണ്ട മൂലകളിലും കുടുസ് വഴികളിലും ഒറ്റപ്പെട്ട സ്ഥലങ്ങളിലുമൊക്കെയായിരുന്നു ശൗചാലയങ്ങളിൽ പലതും. പുരുഷൻമാരൊഴിച്ചുള്ള മറ്റ് ലിംഗവിഭാഗങ്ങളെ കുറിച്ച് യാതൊരു ആലോചനയുമില്ലാതെയാണ് അവയെല്ലാം കാലങ്ങളായി നിർമ്മിച്ച് വരുന്നതെന്ന് ഉറപ്പിച്ച് പറയാം. ഞങ്ങൾ കണക്കെടുത്ത 50 ശുചിമുറികളിൽ 37 എണ്ണം മാത്രമേ സ്ത്രീകൾക്കായി തുറന്ന് കൊടുക്കുന്നവയൊള്ളൂ എന്നറിയുമ്പോൾ അത് കുറച്ച് കൂടി വ്യക്തമാകും.

ശുചിമുറികളെ സംബന്ധിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും സാധാരണയുണ്ടാക്കുന്ന പ്രതിവിധി എണ്ണം വർധിപ്പിക്കലാണ്. അവ എവിടെയാണ്, ആളുകൾക്ക് ഉപയോഗപ്രദമാണോ, അറ്റകുറ്റപ്പണികൾ നടക്കുന്നുണ്ടോ തുടങ്ങിയവയൊക്കെ മിക്കവാറും ശ്രദ്ധിക്കപ്പെടാറേയില്ല. ശുചിമുറികളുടെ രൂപകൽപനയിലെ വികലമായ അവസ്ഥകളാണ് സർവ്വേയിലുടനീളം വ്യക്തമായത്. പൊതുസ്ഥലത്തെ നമ്മുടെ ഏറ്റവും സ്വകാര്യ ഇടത്തെ കൃത്യമായ ചട്ടക്കൂടുകളോടെ ക്രമപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്ന ബോധ്യപ്പെടൽ കൂടിയായിരുന്നു അത്. അങ്ങനെയൊരു ചട്ടക്കൂട് രൂപപ്പെടുത്തുന്നതിനിടയിൽ ഉയർന്ന് വന്ന മറ്റൊരു ചോദ്യം ഒരു പുരോഗമന സമൂഹത്തിലെ ശുചിമുറികളുടെ വിതരണത്തിൻറെ മാനദണ്ഢത്തെ കുറിച്ചാണ്. ഒരു നിശ്ചിത അനുപാതത്തിൽ ശുചിമുറികൾ ഉണ്ടാക്കുന്നത് എല്ലാ ജനങ്ങൾക്കും പൊതു സൗകര്യങ്ങളുടെ പങ്ക് ലഭിക്കാൻ സഹായിക്കും. അപ്പോഴും നമ്മൾ എണ്ണത്തെ കുറിച്ചാണ് സംസാരിക്കുന്നത്. ശുചിമുറികളുമായി ബന്ധപ്പെട്ടുണ്ടാക്കേണ്ട അവബോധങ്ങളെ വിട്ട് കളയുകയാണ്.

ജാതിയുടേയോ മതത്തിൻറേയോ ലിംഗത്തിൻറേയോ മറ്റേതെങ്കിലും കാര്യത്തിൻറേയോ പേരിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരാൾക്കും നിഷേധിക്കാൻ പാടില്ല. ജനങ്ങളുടെ നികുതി പണം ഉപയോഗിച്ച് അവർക്കായി നിർമ്മിച്ച സൗകര്യങ്ങളാണ് അതൊക്കെയെന്നും മറന്ന് കൂടാ. എന്തിൻറെ പേരിലായിക്കൊള്ളട്ടെ, അവ ഉപയോഗിക്കുന്നതിൽ നിന്ന് ഒരു മനുഷ്യനെ തടയുന്നത് ജനാധിപത്യത്തിന് തന്നെ നാണക്കേടാണ്. എല്ലാവർക്കും ഉപയോഗിക്കാനാകുന്ന, എല്ലാ തരം ആളുകളുടെ ഉപയോഗത്തിനും ഉതകുന്നതായ ശുചിമുറികളുടെ കൃത്യമായ വിതരണമാണ് വേണ്ടത്.

എല്ലാ ദിവസവും വെള്ളം കിട്ടാറില്ല. അതുകൊണ്ട് വൃത്തിയാക്കാൻ വളരെ ബുദ്ധിമുട്ടാണ്

# വർത്തമാനം

പല തവണ ഇവിടെ നന്നാക്കാൻ സഹായം ചോദിച്ചിട്ടുണ്ടെങ്കിലും ഇതുവരെ ഒന്നും ലഭിച്ചിട്ടില്ല

ഇയാളെന്താ ഇവിടെ? ഇങ്ങോട്ട് സ്ത്രീകൾ വരാറില്ലല്ലോ.




ശൗചാലയങ്ങളുടെ ലഭ്യതയ്ക്ക് ഉപരി അവ എത്രത്തോളം ഉപയോഗപ്രദമാണ് എന്നതാണ് കേരളത്തിൽ പൊതുവെ നിലനിൽക്കുന്ന ചോദ്യം. ഉപേക്ഷിക്കപ്പെട്ടതോ, ഉപയോഗശൂന്യമായതോ അല്ലെങ്കിൽ വിവേചനം കാണിക്കുന്നതോ ആണ് മിക്ക പൊതുശൗചാലയങ്ങളും



# കാണുന്നതും മറയ്ക്കുന്നതും
# പൊതുജനത്തിന്റെ പിന്നാമ്പുറങ്ങൾ

## പുതിയ പിന്നാമ്പുറങ്ങൾ ഉണ്ടാകുന്നത്

എന്തെങ്കിലുമൊക്കെ നടക്കുന്ന ഏത് സ്ഥലത്തിനും സ്വാഭാവികമായും ഒരു പിന്നാമ്പുറമുണ്ടാകും. അതൊരു വലിയ പറമ്പോ ഒരാളുടെ അവസാന കാലടിയോ ഒക്കെയാകാം. ഒരു വ്യക്തിക്ക് അയാൾ ഉൽപാദിപ്പിച്ച, ഉപയോഗിച്ച, ആവശ്യം കഴിഞ്ഞ ഒരു വസ്തുവിനോട് ഉത്തരവാദിത്തം നഷ്ടപ്പെടുന്ന അവസ്ഥയിൽ അതിനെ ഉപേക്ഷിക്കുക എന്ന ആവശ്യം കൂടി കടന്ന് വരും. അതോടെ ഉപഭോക്താവ്, അയാൾക്ക് വേണ്ടാത്തവയെ എങ്ങനെയും ഉപേക്ഷിക്കാൻ മാർഗ്ഗം തേടുന്ന ഒരു നിക്ഷേപകനായി മാറുകയാണ്. ആ ആവശ്യം നിറവേറ്റാനുള്ള സ്ഥലായി മാത്രം കാണുന്ന മനോഭാവമാണ് പിന്നാമ്പുറങ്ങളെ മോശമായ എന്തോ ഒന്നായി മാറ്റുന്നത്. മറഞ്ഞിരിക്കാനുള്ള സവിശേഷത കൊണ്ട് തന്നെ പിന്നാമ്പുറങ്ങൾ അത്ര നല്ലതായി തോന്നാത്ത വസ്തുക്കളൊക്കെ കൊണ്ടിടാനുള്ള സ്ഥലമാകും. റോഡും റെയിൽപാതയോരങ്ങളും ഒഴിഞ്ഞ പറമ്പും തുടങ്ങി പാരിസ്ഥിതിക ലോല പ്രദേശങ്ങൾ വരെ പിന്നാമ്പുറമായി മാറ്റപ്പെട്ടേക്കാം. ഒരു പ്രത്യേക സമയത്തിന് ശേഷം പ്രകൃതി ചക്രത്തിലെ ഏതൊരു വസ്തുവും അതിന് കൽപിച്ച് കൊടുത്ത ഉപയോഗത്തിൻ്റെ പുറത്ത് കടക്കുന്നത് ഒരു സ്വാഭാവിക പ്രതിഭാസവുമാണ്. പിന്നാമ്പുറമെന്നത് ഭൗതികമായ പരിസരം മാത്രമല്ല, മനുഷ്യ ബോധത്തിൽ മാത്രം നിലനിൽക്കുന്ന ഇടവുമാകാം.

## സുഹൃത്തേ ഇവിടെ
### അടുത്തെവിടെയെങ്കിലും ടോയ്‌ലറ്റ് ഉണ്ടോ?

### അനിവാര്യതയുടെ ഈ ചോദ്യത്തിനോട് നാം
## എങ്ങനെയാണ് പ്രതികരിക്കുക?

സ്വാഭാവികമായുള്ള ഭൗതിക അവസ്ഥയിൽ നിന്ന് ഉപേക്ഷിക്കാനും അവഗണിക്കാനുമുള്ള ഒരു ഇടം എന്നതിലേക്ക് പിന്നാമ്പുറങ്ങളെ എത്തിച്ചത് നഗരവൽക്കരണമാണെന്ന് നിസംശയം പറയാം. ഒരു ഇടത്തെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നത് അതിനെ വിശേഷിപ്പിക്കുന്ന പദത്തിൻ്റെ അർഥത്തേയും വ്യത്യാസപ്പെടുത്തും. 'ഉപയോഗിച്ച് കളയുക' എന്ന സംസ്കാരത്തിലൂന്നിയ വികസന മാതൃകയാണ് നമ്മൾ മുന്നോട്ടേക്കുള്ള പോക്കിൽ സ്വീകരിച്ചിട്ടുള്ളത്. പിന്നാമ്പുറങ്ങളിങ്ങനെ ഭംഗികെടുന്നതിൻ്റെ ഉത്തരവാദികളിലായി ആദ്യം തന്നെ വിരൽ ചൂണ്ടപ്പെടുന്നത് മാലിന്യങ്ങളിലേക്കാണ്. ജൈവീകമായ പിന്നാമ്പുറങ്ങൾ അവ നിൽക്കുന്ന നിർമിതിയുടെ രൂപപ്പെടുത്തലനുസരിച്ച് കൃത്യമായി വിഭജിക്കപ്പെട്ടിട്ടുമുണ്ട്.

പക്ഷേ ഒരു നിർമിതി തന്നെ പിന്നാമ്പുറമായി മാറിയാലോ? ഒന്നുകിൽ ആ കെട്ടിടവും അതിൻ്റെ അവസ്ഥയും അതിലേക്ക് എത്തിക്കുന്നതാകാം. അല്ലെങ്കിൽ എന്തിനാണോ അത് നിർമിക്കപ്പെട്ടത് ആ പ്രവൃത്തിയോടുള്ള അങ്ങേയറ്റം അവഗണന കൊണ്ടാകാം. ഇതിൽ ഒന്നാമത്തേത് കെട്ടിടത്തിൻ്റെ രൂപഘടനയുമായി ബന്ധപ്പെട്ടതാണ് എങ്കിൽ രണ്ടാമത്തേത് പൂർണ്ണമായും സാംസ്കാരികോൽപന്നമാണ്. സംസ്കാരത്തെ കൃത്യമായ ചില ചട്ടക്കൂടുകളിലേക്ക് കയറ്റി നിർത്താനാകില്ല, അതൊരു മിശ്രിതമായ അസ്തിത്വമാണ്. എങ്ങനെയാണ് 'ഈ സംസ്കാരം' കക്കൂസ് എന്ന വ്യക്തതയില്ലാത്ത അസ്തിത്വത്തെ നിർമ്മിച്ചെടുത്തത്?





ഇനി നമുക്ക് ലോകത്തെ ഏറ്റവും സങ്കീർണ്ണമായ രൂപ കൽപനയെ കുറിച്ച് അൽപം സംസാരിക്കാം, മനുഷ്യശരീരത്തെ കുറിച്ച്. മനുഷ്യകുലം നൂറുകണക്കിന് വർഷങ്ങൾ താണ്ടി ഇന്നത്തെ അവസ്ഥയിലെത്തിയിട്ടും നമ്മുടെ തന്നെ ജീവശാസ്ത്രപരമായ ചില സാഹചര്യങ്ങളോടുള്ള അറപ്പ് ഇന്നും ചുരുളഴിയാത്ത വസ്തുതയാണ്. ഒതുക്കിയും മറച്ചും വെക്കേണ്ട ഒന്നായാണ് വിക്ടോറിയൻ മൂല്യങ്ങളുടെ സ്വാധീനമുള്ള ഈ സംസ്കാരം കാണുന്നത്. മനുഷ്യരുടെ അടിസ്ഥാനപരമായ കാര്യങ്ങൾ ഏറ്റം സ്വകാര്യമായി നടത്തണമെന്ന് മാത്രമല്ല, അത് ലംഘിക്കുന്നത് മാന്യതയില്ലായ്മയായും കണക്കാക്കും.

അങ്ങനെയാണ് മനുഷ്യ ശരീരം 'നാണക്കേട്'' എന്ന വാക്കുമായി ഇഴപിരിയാത്ത വിധം കൂട്ടിച്ചേർക്കപ്പെടുന്നത്. ശരീരത്തിൻറെ അടിസ്ഥാന ആവശ്യങ്ങൾ നാണക്കേടുമായാണ് ബന്ധിപ്പിച്ചതെങ്കിൽ, വിസർജ്ജനത്തിനൊപ്പം മറ്റൊരു പ്രതിഭാസം കൂടി കൂട്ടിച്ചേർത്തു-അഴുക്ക്. അഴുക്ക് എന്ന് പറയുമ്പോൾ തന്നെ അതിനോടൊരു ഇഷ്ടക്കേട് ധ്വനിക്കുന്നുണ്ട്. ഒളിച്ച് വെക്കുകയോ മാറ്റി നിർത്തുകയോ ചെയ്യേണ്ട മലിനവസ്തു എന്നതാണ് അഴുക്കിനോടുള്ള സമീപനം. അങ്ങനെ വിസർജ്ജനം ഒരു 'അഴുക്ക്' സംഗതിയായി മാറി.

ശരീരത്തിന് വേണ്ടാത്തത് അത് പുറംതള്ളും. അങ്ങനെ ശരീരം നാണക്കേടിനോടും അഴുക്കിനോടും ബന്ധപ്പെട്ടിരിക്കുന്നു. ഈ ഒരുമിച്ച് ചേർക്കൽ സാംസ്കാരികമായി രൂപപ്പെട്ടതാണ്. ചരിത്രമെടുത്താൽ ഒരു കാലത്ത് ശുചിമുറികൾ ആളുകൾക്ക് കൂടിച്ചേരാനുള്ള ഇടമായിരുന്നു. ഗ്രീസിലെ കമ്മ്യൂണൽ ടോയ്‌ലറ്റുകൾ ഉദാഹരണം. ഈ നാണക്കേടുണ്ടാക്കൽ എന്ന സംഗതിയെ തന്നെ ലിംഗപരമായ കാഴ്ചപ്പാടിലൂടെ നോക്കിയാൽ അതിലൊരു ഗൂഢപദ്ധതി കാണാം. അത് മറ്റൊരു ചർച്ചയായി രൂപപ്പെടേണ്ടതുമാണ്.

അങ്ങനെയൊക്കെയായിരിക്കേ, ഈ ആവശ്യത്തിന് വേണ്ടി നിർമിക്കപ്പെട്ട കക്കൂസുകളോട് എന്തായിരിക്കും മനോഭാവം ?

## തഴയപ്പെട്ട ആവശ്യകതകൾ

അതായത് അറപ്പും നാണക്കേടും മാത്രമുള്ള ഒരു കാര്യം. ആ കാര്യം ചെയ്യാനായി ഒരു കെട്ടിടം. അപ്പോൾ ഈ വികാരങ്ങൾ മുഴുവൻ ആ കെട്ടിടത്തിനോടും പ്രതിഫലിക്കും. ശരീരത്തിൻറെ ഇത്ര വലിയ ആവശ്യമായിട്ടും ശുചിമുറികളെ പോലെ ഇതിന് ഇരയാകുന്ന മറ്റൊരു പൊതുസൗകര്യവും ഉണ്ടാകില്ല. ടോയ്‌ലറ്റ്: പബ്ളിക് റെസ്റ്റ് റൂംസ് ആൻഡ് പൊളിറ്റിക്സ് ഓഫ് ഷെയറിങ്ങ് എന്ന പുസ്തകത്തിൽ പറയുന്ന ചില കാര്യങ്ങളുണ്ട്. മനുഷ്യന് സ്വകാര്യമായ ഒരു സംഗതി പൊതുവിടത്തിൽ ചെയ്യേണ്ടി വരും. അത് ചെയ്യേണ്ടി വരുന്ന അവസ്ഥയിലോ സാഹചര്യത്തിലോ കാര്യകർത്താവിന് മതിയായ നിയന്ത്രണങ്ങൾ ഉണ്ടാകാനിടയില്ല. അഴുക്കിനോട് അകലം പാലിക്കുക എന്ന മനുഷ്യരുടെ മാനസികാവസ്ഥ ശുചിമുറികളെ പിന്നാമ്പുറങ്ങൾ പോലെ ഉപയോഗിക്കാനും അവഗണിക്കാനും കാരണമാകും. പിന്നാമ്പുറ സംസ്കാരം ഉണ്ടാകുന്നതേ മനുഷ്യരുടെ മനോഭാവങ്ങളിൽ നിന്നാണ്. പൊതുവിടങ്ങളുടെ പിന്നാമ്പുറത്താണ് ശുചിമുറികളും അവയുടെ പ്രവർത്തനവും. പ്രബുദ്ധതയൊക്കെ അതിൽ നിന്ന് വേർപെട്ട് കിടക്കുകയാണ്. ഈ പിന്നാമ്പുറ പ്രവണത ശുചിമുറികളെ അങ്ങേയറ്റം ദുർബലമായ സ്ഥലമാക്കുന്നുണ്ട്. അതായത് ആ സ്ഥലം ചൂഷണം ചെയ്യപ്പെടാൻ മാത്രം ദുർബലമാകുന്നു, അത് ഉപയോഗിക്കുന്നവരും അതേ അരക്ഷിതത്വത്തിലാകുന്നു. പൊതുശൗചാലയങ്ങളെ ഒരുമിച്ച് കണ്ടെത്തി ശുചിത്വം (അതാണ് ഏറ്റവും പ്രധാനവും), സൗകര്യങ്ങൾ, ഉപയോഗ ക്ഷമത, കെട്ടിടത്തിൻറെ അവസ്ഥ തുടങ്ങിയവയിലുള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കാനാണ് നമ്മുടെ ശ്രമം. അതിനൊപ്പം തന്നെ സങ്കീർണ്ണമായ മറ്റ് ചില അടരുകൾ കൂടിയുണ്ട്. പൊതുബോധം അത്രയൊന്നും ഗൗനിക്കാത്ത ലിംഗപരമായി ഉയരുന്ന പ്രശ്നങ്ങൾ, സുരക്ഷ, ലഭ്യത തുടങ്ങിയവ. സമൂഹത്തിലെ വ്യത്യസ്തമായ അടരുകളും, മനുഷ്യർ അവയെ എങ്ങനെ സമീപിക്കുന്നു എന്നതും കൂടി വ്യക്തമാക്കുന്ന ഒരു സംഗതിയാണ് ശുചിമുറികൾ. അപ്പോൾ അടുത്ത തവണ ആരെങ്കിലും എവിടെയാണ് ശൗചാലയം ഉള്ളത് എന്ന് ചോദിക്കുമ്പോൾ, ഒരു നിമിഷം നിന്ന് ആലോചിച്ച് നോക്കൂ 'ശരിക്കും എവിടെയാണ് അത് കണ്ടെത്താനാകുക?'




1.
ആദ്യം
കക്കൂസിന്
അഭിമുഖമായി
നിവർന്ന് നേരെ
നിൽക്കുക
2.
കഴിയാവുന്നി
ടത്തോളം
ശ്വാസം
ഉള്ളിലെടുത്ത്
അമർത്തി
പിടിക്കുക
3.
വലത് കൈ
കൊണ്ട്
'മൂക്കടപ്പ്'
മുദ്ര ചെയ്ത്
വായു
കടക്കാതെ
ഭദ്രമാക്കുക
4.
മറ്റെ കൈ
വീതിയിൽ
മുന്നോട്ടും
താഴോട്ടും ചലിപ്പിച്ച്
മുന്നിൽ വേറെ
ആളുണ്ടോ എന്ന്
പരിശോധിക്കണം.
ഇങ്ങനെ ചെയ്താൽ
ആ ആൾക്ക് നമ്മൾ
വരുന്നതും
അറിയാനാകും.
5.
അടുത്തത്.. തല
ഉയർത്തി മൂക്കടപ്പ്
മുദ്ര തലയുടെ
ദിശയ്ക്കനുസരിച്ച്
വെക്കണം
6.
അവസാനമായി,
കാൽമുട്ടുകൾ പതുക്കെ
വളയ്ക്കുക. ബാലെ
നർത്തകരുടേത് പോലെ
പെരുവിരലൂന്നി നിക്കണം.
ടിപ്:
ഇപ്പോൾ നിങ്ങൾ
'അത്യാവശ്യാസനക്ക്'
തയ്യാറായി കഴിഞ്ഞു. പൊതുകക്കൂസ്
ഉപയോഗിക്കേണ്ടി വരുന്ന അത്യാവശ്യ
ഘട്ടങ്ങളിലെല്ലാം ഇത് പ്രയോഗിക്കാവുന്നതാണ്.
TOILET
YOGA
#അത്യാവശ്യാസന
- ഗൗതം ജയശീലൻ
ഞാൻ ശരിക്കാണോ ഇത് ചെയ്യുന്നത്..
ശരിയായാണോ ഇത്
ചെയ്യുന്നത് എന്നറിയാൻ
ഒരു വഴിയുണ്ട്.
അത്യാവശ്യാസന
കൃത്യമായി ചെയ്താൽ
ഉറപ്പായും രണ്ട് കാര്യങ്ങൾ
സംഭവിക്കും.
ഒന്ന്,നിങ്ങൾ സ്വയം നനയും
രണ്ട്, നിങ്ങൾ അധോവായു
വിടും. പക്ഷേ
പേടിക്കണ്ടതില്ല, മൂന്നാമത്തെ
സ്റ്റെപ്പിൽ നിങ്ങളുടെ മൂക്ക്
അടച്ച് വച്ചിരിക്കുകയാണ്.
അത്യാവശ്യ ദിനാശംസകൾ നേരുന്നു



# - P - H - L - U - S - H -

## PUBLIC HYGIENE LET US STAY HUMAN

നമ്മളെ മനുഷ്യനായി നിലനിർത്തുന്നത് പൊതുശുചിത്വമാണ് എന്നർത്ഥം. ആവശ്യമായ രീതിയിലുള്ള പൊതു ശുചിമുറികളുടെ ലഭ്യതയെ കുറിച്ച് പ്രാദേശിക ഭരണകൂടങ്ങൾക്കും സംഘടനകളേയും സഹായിക്കാനും പരിസ്ഥതി സൗഹാർദ്ദമായ ശൗച്യാലയസംവിധാനം രൂപപ്പെടുത്താനും അവബോധ പ്രവർത്തനങ്ങൾ നടത്തുകയാണ് PHLUSH എന്ന സംരംഭം.

### -P-H-L-U-S-H- തുടങ്ങിയത്

അമേരിക്കയിലുള്ള പോർട്ടലാൻഡിലെ ചൈന ടൗൺ ജില്ലയിലാണ് ഈ ആശയത്തിൻറെ ആരംഭം. ആവശ്യത്തിന് പൊതു ശൗച്യാലയങ്ങൾ ഇല്ലാത്തത് അവിടത്തെ കച്ചവടക്കാരും താമസക്കാരും തൊഴിലാളികളും സന്ദർശകരുമൊക്കെ വർഷങ്ങളായി അനുഭവിച്ച് വരുന്ന പ്രശ്നമായിരുന്നു. ഇതിനൊരു പരിഹാരം കാണാനായി 2005 ലാണ് ഇവിടെ PHLUSH എന്ന കൂട്ടായ്മ ഉയരുന്നത്. നഗരത്തിലെ താമസക്കാരും കച്ചവടക്കാരും മനുഷ്യാവകാശ സംഘടനകളിലെ ജോലിക്കാരുമൊക്കെ അടങ്ങുന്ന ചെറിയൊരു സംഘമാണ് അത്. ശുചിമുറികളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ പഠിക്കാനും പരിഹാരം നിർദ്ദേശിക്കാനുമായിരുന്നു ശ്രമം. 2006 ൻറെ അവസാനത്തോടെ നഗരഹൃദയത്തിൽ ശുചിമുറികൾ പണിയാനുള്ള ഫണ്ട് സിറ്റി കൗൺസിൽ പാസാക്കി. ശൗച്യാലയങ്ങൾ സ്ഥാപിക്കാനുള്ള സംഘത്തിൽ മൂന്ന് PHLUSH സ്ഥാപകാംഗങ്ങളേയും ഉൾപ്പെടുത്തി.

സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥലത്ത് തന്നെ പൊതുജനങ്ങൾക്കായി ചില സൗകര്യങ്ങൾ ഒരുക്കാനുള്ള ശ്രമങ്ങൾ സംഘം തുടങ്ങി. ശുചിമുറികൾ പ്രവർത്തിക്കുന്നതിന് ഒരു സമയക്രമമുണ്ടാക്കി. പുതിയ ശൗച്യാലയ ചിഹ്നങ്ങൾ ഉയർത്തി. പ്രത്യേകമായ സൈക്കിൾ റാക്കുകൾ ഉണ്ടാക്കി സ്ഥാപിച്ചു. പ്രാദേശിക കലാകാരൻമാരേയും നാട്ടുകാരേയും ഒക്കെ ഉൾപ്പെടുത്തി ഒടുവിൽ അവർ പ്രാദേശികാടിസ്ഥാനത്തിൽ അതിനൊരു രൂപമുണ്ടാക്കിയെടുത്തു.

നഗര ജീവിതത്തിൽ ശുചിമുറികളുടെ ലഭ്യതയ്ക്ക് വലിയൊരു പങ്ക് വഹിക്കാനുണ്ട്. എന്നിട്ടും പൊതുവിടങ്ങളിലെ ശുചിമുറികളുടെ രൂപകൽപന എങ്ങനെയൊക്കെ വേണമെന്നതിന് അർഹിക്കുന്ന പരിഗണന കിട്ടാറില്ല. എന്നിരിക്കിലും എല്ലാവരും വീടിനു പുറത്ത് കൂടുതൽ സമയം ചിലവഴിക്കുന്നതും നാഗരികമായ ജീവിതശൈലിയോടുള്ള താൽപര്യം വർധിക്കുന്നതും പൊതു ശൗച്യാലയങ്ങളോടുള്ള ഈ അലംഭാവം മാറ്റുന്നതിലേക്ക് നയിക്കുമെന്ന് പ്രതീക്ഷിക്കാം.


## കലയും കക്കൂസും

ശുചിമുറികളെ കുറിച്ചുള്ള ചർച്ചയിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സാധിക്കുന്നത് കലാകാരൻമാർക്കാണ്. പൊതുവേ ആളുകൾക്ക് സംസാരിക്കാൻ വിമുഖതയുള്ള വിഷയങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കാൻ അവർക്കാകും. പുതിയ കാലത്തെ ശുചിമുറികളുടെ ഡിസൈനിൽ കലയും സംസ്കാരവും അറിവുമൊക്കെ സംയോജിക്കപ്പെട്ടിട്ടുണ്ട് . ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന, ആകർഷകമായ ശുചിമുറികൾ ആളുകൾ ആസ്വദിക്കുകയും ചെയ്യും. പൊതു ശൗച്യാലയങ്ങളുടെ ആവശ്യകതയേയും രൂപകൽപനയേയും കുറിച്ചുള്ള ചർച്ചയിലേക്ക് കലാകാരൻമാർ, സംഗീതജ്ഞർ, എഴുത്തുകാർ, ഡിസൈനേഴ്സ്, സാമൂഹിക സംരംഭകർ തുടങ്ങി സമൂഹത്തിൻറെ നാനാതുറകളിൽ പെട്ടവരെ ഒരുമിച്ച് ചേർക്കുകയാണ് PHLUSH ചെയ്തത്.

പോർട്ട്ലൻഡിലെ നഗരപുനരുദ്ധാരണ പ്രോജക്ടിലെ അംഗങ്ങളുമായി സഹകരിച്ച് ഗ്രാമത്തിൽ PHLUSHൻറെ ചിന്തയിൽ രൂപപ്പെട്ട ശുചിമുറി നിർമ്മാണ രീതിയും ഡിസൈനുകളും പരീക്ഷിക്കപ്പെട്ടു. 2006ൽ PHLUSH പ്രവർത്തകനും നഗര പുനരുദ്ധാരണ കാര്യവാഹിയുമായ സല്ലി നോബൽ ഗ്രാമത്തിലെ വാർഷിക സമ്മേളനത്തിൽ PHLUSHൻറെ ഒരു കിയോസ്ക് അവതരിപ്പിച്ചു.

ചുമന്ന് മാറ്റാനാകുന്ന ശുചീകരണ സംവിധാനങ്ങളും വിശാലമായ പ്രദേശവും അറ്റൻഡൻറും ഒക്കെ ചേർന്ന് സുരക്ഷിതവും, സുഖകരമായി ഉപയോഗിക്കാനാകുന്നതും, സൗഹാർദ്ദപരവുമായിരുന്നു അവ.

## ആവലാതിയുടെ കത്ത്



I am arrive by passenger train Ahmedpur station and my belly is too much swelling with jackfruit. I am therefore went to privy. Just I doing the nuisance that guard making whistle blow for train to go off and I am running with 'lotah' in one hand and 'dhoti' in the next when I am fall over and expose all my shocking to man and female women on platform. I am got leaved at Ahmedpur station.
This too much bad if passenger go to make dung that dam guard not wait train five minutes for him. I am therefore pray your honour to make big fine on that guard for public sake. Otherwise I am making big report! to papers."

ഒഖിൽ ചന്ദ്ര സെൻ എന്നയാൾ ശുചിമുറികളെ കുറിച്ച് 1909 ൽ സാഹിബ്ഗഞ്ച് റെയിൽവേ ഓഫീസിലേക്ക് എഴുതിയതാണ് വ്യത്യസ്തമായൊരു കത്താണിത്. ന്യൂ ഡൽഹിയിലെ റെയിൽവേ മ്യൂസിയത്തിൽ പ്രദർശനത്തിന് വച്ചിരിക്കുന്ന ഈ കത്ത്, ഇന്ത്യൻ ട്രെയിനുകളിൽ ശൗചാലയങ്ങൾ ഉൾപ്പെടുത്താൻ ഉള്ള ഒരു കാരണമായി കരുതപ്പെടുന്നു.

## എണ്ണത്തിലെത്ര? കാര്യത്തിലെത്ര?

തിരുവനന്തപുരത്ത് 700 മീറ്റർ ചുറ്റളവിലുള്ള 10 ശുചിമുറികളാണിവ. എന്ന് വെച്ചാൽ എണ്ണത്തിൻറെ കാര്യമെടുത്താൽ നഗരത്തിൽ ആവശ്യത്തിലധികം ശുചിമുറികളുണ്ട്. പക്ഷേ ഉപയോഗക്ഷമതയോ?



Presented by

recycle bin

Campaign partner

sahridhaya

**mail**
rerecyclebin@gmail.com
toilettales.recyclebin@gmail.com